ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കേസ്സുമായി ബന്ധപ്പെട്ടവരെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ട ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് പ്രത്യേക കേസ്സുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

(ഡി) കാർഡമം ഹിൽ റിസർവ്വിൽപ്പെട്ട മൂന്നാർ ഡിവിഷനിലെ ദേവികുളം റേയിഞ്ചിലെ പൊൻമുടി സെക്ഷനിൽവരുന്ന കള്ളിമല എസ്റ്റേറ്റിൽനിന്നും മരങ്ങൾ മുറിച്ചതിനും വൃക്ഷങ്ങളുടെ ശിഖരം മുറിച്ചതിനും 18.6.99-ൽ മൂന്നാർ ഫ്ളയിംഗ് സ്കാഡ് റേയിഞ്ചാഫീസർ മഹസർ തയ്യാറാക്കി കേസ്സെടുത്തിട്ടുണ്ട്.

(ഇ) മൂന്നാർ ഫ്ളയിംഗ് സ്കാഡ് റെയിഞ്ചാഫീസർ തയ്യാറാക്കിയ മഹസർ പ്രകാരം മുറിച്ച 49 മരങ്ങളുടെയും തലപ്പു മുറിച്ച 34 മരങ്ങളുടേയും ആകെ നഷ്ടം 21 ലക്ഷം രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(എഫ്)മൂന്നാർ ഡി.എഫ്.ഒ. 20.6.99-ൽ ഒരു വെരിഫിക്കേഷൻ മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്. ഈ മഹസ്സർ പ്രകാരം നഷ്ടം 5 ലക്ഷം രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ജി) ഈ കേസ്സിന്റെ അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നുകണ്ട ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. വിശദമായി അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കും.

(2602) വനം കയ്യേറ്റം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഹൈറേഞ്ച് സർക്കിളിൽപ്പെട്ട ദേവികുളം, കുമിളി, നഗരംപാറ, തൊടുപുഴ, കാളിയാർ, നേര്യമംഗലം തുടങ്ങിയ റെയിഞ്ചുകളിൽ വ്യാപകമായ വനം കൈയേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണത്തിൽ കുറ്റക്കാർ ആരാണെന്ന് കണ്ടു പിടിച്ചിട്ടുണ്ടോ;

(ഡി) വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സമ്മതത്തോടുകൂടിയാണ് ഇത്തരം കയ്യേറ്റങ്ങൾ നടക്കുന്നതെന്ന് അറിയുമോ;

(ഇ) ഇതു സംബന്ധിച്ച് വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിശദമായ അന്വേഷണം നടത്തുമോ;

(എഫ്)പ്രസ്തുത വനം കയ്യേറ്റം സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) കയ്യേറ്റത്തിന് കൂട്ടുനിന്ന വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യാപകമായ വനം കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) നേര്യമംഗലം റെയ്ഞ്ചിൽ വാളറ സ്റ്റേഷനു കീഴിൽ 3-ാം മൈൽകമ്പി ലൈൻഭാഗത്ത് ശ്രീ. കൊട്ടാരം ജോണി എന്നൊരാൾ ഏകദേശം ഒരേക്കർ സ്ഥലം ജണ്ടകൾ മാറ്റിസ്ഥാപിച്ച് കയ്യേറിയെന്ന പരാതിയെപ്പറ്റി വിജിലൻസ് വിഭാഗം മുഖ്യവനപാലകൻ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. നേര്യമംഗലം റെയിഞ്ചോഫീസർ ആയിരുന്ന ശ്രീ. സി.കെ. അലിയാരും, വാളറ സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ. ഒ.എൻ. രാഘവനും ഉത്തരവാദികളാണെന്ന് പ്രാഥമിക അന്വേഷണങ്ങളിൽനിന്നറിയാൻ കഴിഞ്ഞു.

(ഡി) മേൽ വിവരിച്ച കയ്യേറ്റത്തിന് ചില ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഉത്തവാദികളാണെന്ന് പ്രാഥമികാന്വേഷണത്തിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്)പ്രസ്തുത വനം കയ്യേറ്റം സംബന്ധിച്ച് വാളറ സ്റ്റേഷനിൽ ഒ.ആർ. 14/99 ആയി ശ്രീ. കൊട്ടാരം ജോണി എന്നയാൾക്കെതിരെ ഒരേക്കറോളം സ്ഥലം കയ്യേറിയതിന് കേസ്സ് എടുക്കുകയും, കയ്യേറിയ സ്ഥലത്തെ ദേഹണ്ഡങ്ങൾ നശിപ്പിച്ച് കയ്യേറിയ സ്ഥലം റിസർവ്വിനോട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

(ജി) ഈ കേസ്സിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(2603) വനോൽപ്പന്നങ്ങളുടെ സീനിയറേജ് റേറ്റ്

ശ്രീ ടി.എം. ജേക്കബ് :
ശ്രീ ആർ. ബാലകൃഷ്ണ പിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനോൽപ്പന്നങ്ങൾക്ക് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത് എങ്ങനെയാണ്;

(ബി) മണൽ, പാറ, തടി എന്നിവയ്ക്ക് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയറേജ് റേറ്റ് നിശ്ചയിക്കുന്നത്;

(സി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കേരളത്തിലെ വനങ്ങളിൽ ഏതെല്ലാം കടവുകളിൽനിന്ന് മണൽവാരൽ അനുമതി നൽകിയിട്ടുണ്ട്;

(ഡി) ചോഴിയക്കോട്, ശങ്കിലിക്കടവ് എന്നിവിടങ്ങളിൽനിന്നും മണൽ വാരാൻ അനുവാദം നൽകിയത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കേരള വനം നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് വനോൽപ്പന്നങ്ങളുടെ വിപണനം നടക്കുന്നത്; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly